# വാർദ്ധക്യത്തെ വരവേൽക്കാം

## ഒരു നിറപുഞ്ചിരിയോടെ തിരക്കില്ല, ബഹളമില്ല സന്തോഷമേറെയുണ്ട്



പച്ചപ്പിന്റെ മേലങ്കിയണിഞ്ഞ്, എല്ലാ ബഹളങ്ങളിൽ നിന്നും അകന്ന് സ്നേഹത്തിന്റെ മടിത്തട്ടിൽ, പ്രകൃതിയുടെ ഹൃദയത്തിൽ ഒരിടം: ട്രാവൻകൂർ ഫൗണ്ടേഷന്റെ മിഷൻവാലി നമ്മുടെ വയോജനങ്ങൾക്ക് മാന്യവും സുരക്ഷിതവും സ്നേഹോഷ്മളവുമായ അന്തരീക്ഷത്തിൽ ആരോഗ്യകരവുമായ ജീവിതം പ്രദാനം ചെയ്യുക എന്ന കാഴ്ചപ്പാടോടെയാണ് 2009 സെപ്റ്റംബർ 17-ന് ട്രാവൻകൂർ ഫൗണ്ടേഷൻ രൂപീകരിച്ചത്.

വയോജന പരിപാലനരംഗത്ത് തികച്ചും വ്യത്യസ്തമായ വാതായനം തുറന്നിരിക്കുന്ന ട്രാവൻകൂർ ഫൗണ്ടേഷന്റെ ആദ്യ സംരംഭമായ മിഷൻവാലി പ്രകൃതിയുടെ മടിത്തട്ടിൽ അനുഭൂതിദായകവും വ്യത്യസ്തവുമായ ഒരു ലോകത്തിലേക്കാണ് ക്ഷണിക്കുന്നത്. പ്രകൃതിരമണീയമായ ഒരു ഗ്രാമത്തിന്റെ ചാരുതയിൽ പണി കഴിപ്പിച്ചിരിക്കുന്ന മിഷൻവാലിയിൽ സദാ തുടിക്കുന്നത് ജീവിതത്തിന്റെ നവോന്മേഷമാണ് എന്ന് ഇവിടെയെത്തുമ്പോൾ മനസ്സ് പറയും.

മിഷൻവാലി വയോജന സൗഹൃദപരമായ സൗകര്യങ്ങളോടെ പണികഴിപ്പിച്ചിട്ടുള്ള ഈ സൗധം കോട്ടയത്ത് നിന്നും വെറും 18 കിലോമീറ്റർ അകലെ കറുകച്ചാലിന്റെ നെറുകയിൽ ശാന്തവും പ്രകൃതി സുന്ദരവുമായ ഒരു കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്നു. ട്രാവൻകൂർ ഫൗണ്ടേഷന്റെ ആസ്ഥാനവും ഇവിടെത്തന്നെയാണ്.



## വ്യത്യസ്തം, വിസ്മയം ഈ സ്നേഹത്തിന്റെ താഴ്വര

വ്യത്യസ്തമായ ചിന്താധാരകളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും ട്രാവൻകൂർ ഫൗണ്ടേഷന്റെ ഏകീകൃതമായ കുടുംബാന്തരീക്ഷത്തിലേക്ക് ചേക്കേറിയ മാതാപിതാക്കളും അവരുടെ ആവശ്യങ്ങളെ ഹൃദയം കൊണ്ട് തൊട്ടറിഞ്ഞ് പരിപാലിക്കാൻ കഴിവുള്ള അനുഭവസമ്പന്നരായ ജീവനക്കാരും അടങ്ങിയ ഈ സ്നേഹത്തിന്റെ താഴ്വരയിലേക്ക് കാലെടുത്ത് വയ്ക്കുമ്പോൾ തന്നെ അനിർവ്വചനീയമായ ഒരു ഊർജ്ജമാണ് അനുഭവപ്പെടുന്നത്. കൂടുതൽ അറിയുംതോറും വയോജന പരിപാലനം ഇത്രയേറെ പ്രാധാന്യമർഹിക്കുന്നതും, മഹത്വപൂർണ്ണവുമായ ഒരു ദൗത്യമാണെന്ന തിരിച്ചറിവിന്റെ ലോകത്തെത്തിച്ചേരും.

മുൻകാലങ്ങളിൽ വാർധക്യകാലത്ത് കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ അനുഭവിച്ചിരുന്ന സംരക്ഷണവും, സുരക്ഷിതത്വബോധവും ഇന്ന് അണുകുടുംബ സംവിധാനത്തിൽ സാധ്യമാകുന്നില്ല. പുതിയ അവസരങ്ങൾ തേടി വിദേശരാജ്യങ്ങളിലേയ്ക്ക് ചേക്കേറുന്ന തലമുറകളുടേയും, സ്ത്രീ-പുരുഷ ഭേദമന്യേ ജോലിയിലേർപ്പെടേണ്ടി വരുന്ന കുടുംബാംഗങ്ങളുടേയും മുൻപിൽ വാർധക്യത്തിൽ എത്തുന്ന മാതാപിതാക്കൾ ഒരു ചോദ്യചിഹ്നമായി മാറുന്നു എന്നത് ഇന്നത്തെ ഒരു യാഥാർഥ്യവുമാണ്. ഇവിടെ സ്നേഹത്തിന്റെയും, ഉത്തരവാദിത്വത്തിന്റെയും മുകളിൽ ജീവിത സാഹചര്യങ്ങൾ വെല്ലുവിളി ഉയർത്തുന്നു. അതു കൊണ്ടു തന്നെ വാർധക്യം എന്നത് മിക്കയാളുകൾക്കും ആശങ്കാജനകമാണ്. ഈ ആശങ്കയ്ക്ക് ഒരു ഉത്തമ പരിഹാരമാണെന്നു തന്നെ ട്രാവൻകൂർ ഫൗണ്ടേഷനെക്കുറിച്ച് പറയാം.

# ട്രാവൻകൂർ ഫൗണ്ടേഷനെക്കുറിച്ച് പറയാം

» സമഗ്രവും സമ്പൂർണ്ണവുമായ പരിപാലനം

വയോജനങ്ങൾക്ക് സമഗ്രവും സമ്പൂർണ്ണവുമായ പരിപാലനം വാഗ്ദാനം ചെയ്യുന്ന സീനിയർ കെയർ സൊല്യൂഷൻ ദാതാക്കൾ എന്ന നിലയിൽ, ട്രാവൻകൂർ ഫൗണ്ടേഷൻ വയോജനങ്ങളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ കണ്ടറിഞ്ഞ് കൂടെ നിന്ന് നിർവ്വഹിക്കുന്നുവെന്നതാണ് എടുത്തു പറയേണ്ട സവിശേഷത.

» ട്രാവൻകൂർ ഫൗണ്ടേഷൻ മിഷൻവാലി.

വീടു വിട്ടാൽ മറ്റൊരു വീടെന്ന ആശയത്തെ പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമാക്കുന്നതിനൊപ്പം സ്വന്തം വീട്ടിലേതിനേക്കാൾ സുരക്ഷിതത്വത്തോടെ സന്തോഷത്തോടെ ജീവിക്കാൻ കഴിയുന്നൊരിടം കൂടിയാണ് ആരോഗ്യപരിപാലനവും ആതുരശുശ്രൂഷയും നൽകുന്നതിനൊപ്പം സ്നേഹത്തിൽ ചാലിച്ച പരിചരണവും ഒരുക്കുകയാണ് മിഷൻ വാലി.

2009 സെപ്റ്റംബർ 17-ാം തീയതി കേവലം മൂന്നു വ്യക്തികൾ കൈകോർത്തതിലൂടെ വളരെ ലളിതമായി പ്രാരംഭം കുറിക്കപ്പെട്ട ചാരിറ്റബിൾ ട്രസ്റ്റാണ് ട്രാവൻകൂർ ഫൗണ്ടേഷൻ. മുതിർന്ന പൗരന്മാർക്ക് തങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കനുസൃതമായ പരിചരണം നൽകുന്നതിലൂടെ, വാർധക്യ കാലത്ത് മാതാപിതാക്കൾക്ക് അഭിമാനത്തോടെയും, ആരോഗ്യത്തോടെയും ഉള്ള സുരക്ഷിതവും, മികച്ചതുമായ ജീവിതനിലവാരം ഉറപ്പു വരുത്തുക എന്ന വ്യക്തമായ കാഴ്ചപ്പാടോടെയായിരുന്നു തുടക്കം. വെറുമൊരു വയോജനപരിപാലനത്തിലുപരിയായി രാജ്യാന്തര മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പ്രവർത്തനമാണ് മിഷൻ വാലിയുടേത്. 2009ൽ ജിജി ഫിലിപ്പ്, ഫിലിപ്പ് കെ. ജോൺ, മാത്യു ചാണ്ടി എന്നിവരുടെ മനസിൽ ഉരുത്തിരിഞ്ഞ ആശയമാണ് ചമ്പക്കരയിലെ ചെറിയ കുന്നിൻ മുകളിലെ ലോകം ശ്രദ്ധിക്കുന്ന കേന്ദ്രമായി മാറിയിരിക്കുന്നത്. പിന്നീട്, വിദേശ മലയാളിയായ രേണു എബ്രഹാം വർഗീസ് ചെയർപേഴ്സണായി എത്തിയതോടെ, രൂപ ഭാവങ്ങളിൽ ട്രാവൻകൂർ ഫൗണ്ടേഷനും മാറുകയായിരുന്നു.

രാജ്യത്തെ ആദ്യ അക്രഡിറ്റഡ് വയോജന സദനമെന്ന പേരും സ്വന്തമാക്കിയാണ് ട്രാവൻകൂർ ഫൗണ്ടേഷന്റെ മിഷൻ വാലിയുടെ മുന്നേറ്റം.

മാതാപിതാക്കളെയോ, ബന്ധുക്കളെയോ കാണാൻ എത്തുന്നവർക്ക് ഇവിടെ അവർക്കൊപ്പം താമസിക്കാൻ കോട്ടേജുകളുണ്ട്. സർഗ, കലാവാസനകളെയും പ്രോത്സാഹിപ്പിക്കാൻ പ്രവർത്തനമുണ്ട്. വരയും വായനയും സംഗീതവുമുൾപ്പെടെ ഓരോരുത്തരുടെയും അഭിരുചിക്ക് ഇണങ്ങുന്ന രീതിയിലാകും ഇവയുടെ പ്രവർത്തനം.

2014- ൽ തങ്ങളുടെ ആദ്യ സംരംഭത്തിന് നാന്ദി കുറിച്ച ട്രാവൻകൂർ ഫൗണ്ടേഷൻ ഒരു പതിറ്റാണ്ടിനുള്ളിൽ മൂന്ന് സ്ഥാപനങ്ങളും, ഒരു എജ്യുക്കേഷണൽ ഡിവിഷനും ഉൾപ്പെടെ നാലു പ്രോജക്ടുകളുമായി കേരളത്തിലെ രണ്ടു ജില്ലകളിൽ വേരുറപ്പിച്ചിരിക്കുന്നു എന്നത് ഒരു കൂട്ടായ്മയുടെ തിളക്കമാർന്ന വിജയമാണ്.

ഓരോ സീനിയർ പൗരനും ഇവിടെ അതുല്യമായ വ്യക്തിത്വമാണ്, അവരുടെ ക്ഷേമം ഉറപ്പു വരുത്താൻ അവരുടെ അടിസ്ഥാന ആവശ്യങ്ങൾ മാത്രം നിർവ്വഹിച്ചതുകൊണ്ടായില്ല. അതിനാൽ ട്രാവൻകൂർ ഫൗണ്ടേഷൻ വയോജനങ്ങൾക്ക് ഭക്ഷണവും താമസവും രോഗപരിചരണം എന്നതിനപ്പുറം അവരുടെ വൈകാരികവും മാനസികവുമായ ആരോഗ്യവും പരിരക്ഷിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

## ട്രാവൻകൂർ ഫൗണ്ടേഷൻ വിശേഷങ്ങളിലേയ്ക്ക്...

വയോജന പരിപാലന മേഖലയിൽ സംസ്ഥാനത്തെ പ്രഥമ സംരംഭകരും, ഇന്ത്യയിൽ ആദ്യം അംഗീകാരം ലഭിച്ചതുമായ ട്രാവൻകൂർ ഫൗണ്ടേഷൻ ഒന്നര പതിറ്റാണ്ടു പിന്നിടുമ്പോൾ ഈ രംഗത്ത് തനതായ ശൈലിരൂപപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നിരിക്കുന്നു.

രാജ്യത്തെ തന്നെ മറ്റെല്ലാ സീനിയർ ലിവിംഗ് സ്ഥാപനങ്ങളിൽ നിന്നും ട്രാവൻകൂർ ഫൗണ്ടേഷനെ വ്യത്യസ്തമാക്കുന്നത് ഫൗണ്ടേഷന്റെ പ്രവർത്തന മികവിന്റെ ഒരു പ്രധാനവശം, സമഗ്രമായ ആരോഗ്യ പഠനത്തിലൂടെ ഇവിടെ പ്രവേശിക്കപ്പെടുന്ന ഓരോ വ്യക്തിക്കും വ്യക്തിഗത പരിചരണ പദ്ധതി തയ്യാറാക്കി പരിപാലിക്കുന്നു എന്നതാണ്. ട്രാവൻകൂർ ഫൗണ്ടേഷൻ വയോജന സേവനങ്ങളിൽ മുൻപന്തിയിൽ തുടരുന്നു.

അതുപോലെ, 2020 വർഷം ഫൗണ്ടേഷന്റെ സമാനതകളില്ലാത്ത വളർച്ചയുടെയും പുരോഗതിയുടെയും രണ്ടാം ദശകത്തെ അടയാളപ്പെടുത്തുന്നു. ലോകം ഒരു കുടുംബമെന്ന ആശയം ട്രാവൻകൂർ ഫൗണ്ടേഷന്റെ സേവനം, വിദ്യാഭ്യാസം, ഗവേഷണം എന്നിവയെ രൂപപ്പെടുത്തുന്ന അടിസ്ഥാനാശയമാണ്.

## ഇന്റർഡിസിപ്ലിനറി ടീം വ്യക്തി കേന്ദ്രീകൃത പരിചരണ രീതി

ട്രാവൻകൂർ ഫൗണ്ടേഷന്റെ ഇന്റർ ഡിസിപ്ലിനറി ടീമിന്റെ സമർപ്പിത പ്രയത്നങ്ങൾ സമഗ്രമായ റസിഡന്റ് അസസ്മെന്റുകളിലൂടെയും അവലോകനങ്ങളിലൂടെയും നൂതനമായ വ്യക്തി കേന്ദ്രീകൃത പരിചരണ രീതി കൈവരിച്ചു.

നിയന്ത്രണങ്ങളില്ലാത്ത അന്തരീക്ഷം നിലനിർത്തുക, തുടർച്ചയായ ഗുണനിലവാരം മെച്ചപ്പെടുത്തൽ, വയോജനങ്ങളുടെ സുരക്ഷയും ജീവിത നിലവാരവും സൂക്ഷ്മതയോടെ നിരീക്ഷിക്കുന്ന പ്രവർത്തനങ്ങൾ എന്നിവ എടുത്തുപറയേണ്ട സവിശേഷതകളാണ്. വ്യക്തിഗത പരിചരണപദ്ധതിയിലൂടെ ഓരോ ദിവസത്തേയും ആരോഗ്യ പുരോഗതി നിരീക്ഷിക്കുന്നതിനും, അധിക പരിചരണമോ ശ്രദ്ധയോ നല്കേണ്ട സാഹചര്യത്തേക്കുറിച്ച്, മനസ്സിലാക്കുന്നതിനും ഇന്റർ ഡിസിപ്ലിനറി ടീമിനെ സഹായിക്കുകയും മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതിനുള്ള സംവിധാനം പ്രവർത്തിക്കുന്നു.



### ജിജി ഫിലിപ്പ് (സിഇഒ)

മാനേജ്മെന്റ് ബിരുദധാരിയായ ജിജി ഫിലിപ്പ് സോഷ്യൽ സയൻസിൽ ബിരുദാനന്തര ബിരുദവും പേഴ്സണൽ മാനേജ്മെന്റ്, ലേബർ ലോസ് എന്നിവയിൽ ബിരുദാനന്തര ഡിപ്ലോമയും നേടിയിട്ടുണ്ട്. ട്രാവൻകൂർ ഫൗണ്ടേഷനിൽ ടീമിനെ നയിക്കാനുള്ള മുപ്പത്തിയഞ്ച് വർഷത്തിലേറെ പരിചയവും അറിവും വൈദഗ്ധ്യവും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് തിളക്കമേകുന്നു. ടാറ്റ ടീ ലിമിറ്റഡിലെയും എസ്ഐപിഡിയിലെയും കരിയർ ക്രിസ്ത്യൻ ചാരിറ്റബിൾ ഡൊമെയ്നിലെ സീനിയർ ലിവിംഗ്, ഓപ്പറേഷൻസ് മാനേജ്മെന്റ്, ഫിനാൻഷ്യൽ & കൺസ്ട്രക്ഷൻ മാനേജ്മെന്റ്, കമ്മ്യൂണിറ്റി ഡെവലപ്മെന്റ്, സോഷ്യൽ വെൽഫെയർ എന്നീ മേഖലകളിൽ പ്രാവീണ്യം നേടിയ പ്രൊഫഷണലായ അദ്ദേഹം ട്രാവൻകൂർ ഫൗണ്ടേഷന് വ്യക്തമായ ദിശാബോധം നൽകുന്ന അമരക്കാരനാണ്

### ഫിലിപ്പ് കെ ജോൺ (കോ ഫൗണ്ടർ)



ട്രാവൻകൂർ ഫൗണ്ടേഷൻ മിഷൻവാലിയിലെ സജീവസാന്നിധ്യമാണ് ഫിലിപ്പ് കെ ജോൺ. കഴിഞ്ഞ 15 വർഷത്തിലേറെയായി ട്രാവൻകൂർ ഫൗണ്ടേഷൻ മിഷൻവാലി ഫൗണ്ടർ ട്രസ്റ്റിയായി സേവനമനുഷ്ഠിച്ചു വരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും ജെറണ്ടോളജിയിൽ എം ഫിൽ ബിരുദം നേടിയ ശേഷം കറുകച്ചാൽ മിഷൻവാലിട്രസ്റ്റി & ലൊക്കേഷൻ മേധാവികൂടിയായി പ്രവർത്തിക്കുന്ന ഫിലിപ്പ് കെ ജോൺ വയോജനപരിപാലന രംഗമായ ജെറണ്ടോളജി തന്റെ പാഷനായിരുന്നുവെന്നും അത് വയോജന പരിപാലനമേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കാൻ പ്രചോദനമായെന്നും വെളിപ്പെടുത്തി.



### ഡോ. രേണു എബ്രഹാം വർഗീസ് (ചെയർപേഴ്സൺ)

ഡോ. രേണു എബ്രഹാം വർഗീസ്, എം.എസ് (ക്ലിനിക്കൽ സ്പെഷ്യാലിറ്റി ഇൻ ഏജിംഗ്), എംഫിൽ (ജെറന്റോളജിയിൽ ഗൈഡൻസും കൗൺസിലിംഗും), പിഎച്ച്.ഡി. (ജെറന്റോളജി)യും നേടിയിട്ടുണ്ട് ന്യൂയോർക്കിലെ മേഴ്സി യൂണിവേഴ്സിറ്റിയിൽ സ്കൂൾ ഓഫ് ഹെൽത്ത് ആന്റ് നാച്ചുറൽ സയൻസസിലെ ക്ലിനിക്കൽ ജെറന്റോളജിസ്റ്റ്, സൗത്ത് ആഫ്രിക്കയിൽ ഫുൾബ്രൈറ്റ് സ്പെഷ്യലിസ്റ്റ് തുടങ്ങിയ തിളക്കമാർന്ന പദവികൾ.

ന്യൂയോർക്ക് അക്കാഡമി ഓഫ് മെഡിസിൻ ഫെലോയും കോമൺഏജിന്റെ ഇന്ത്യാ ചാപ്റ്ററിന്റെ ദേശീയ മേധാവിയുമാണ്. ട്രാവൻകൂർ ഫൗണ്ടേഷൻ എജ്യുക്കേഷൻ ആൻഡ് റിസർച്ച് സെന്റർ ഓൺ ഏജിംഗിന്റെ (TF ERCA) സ്ഥാപക ഡയറക്ടറാണ്. ഫാക്കൽറ്റി, കൺസൽട്ടന്റ് എന്നീ നിലകളിൽ മുപ്പത് വർഷത്തിലേറെ അനുഭവപരിചയമുണ്ട്. ഡോ. രേണു എബ്രഹാം വർഗീസിന് 2015-2016 വർഷത്തേക്കുള്ള യുഎസ്ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റ്ആൻഡ്കൾച്ചറൽഅഫയേഴ്സ്ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കുമുള്ള അഭിമാനകരമായ യുഎസ്-നെഹ്റു ഫുൾബ്രൈറ്റ് സ്കോളർഷിപ്പ് ലഭിച്ചിരുന്നു. 2019-ൽ, J.വില്യം ഫുൾബ്രൈറ്റ് ഫോറിൻ സ്കോളർഷിപ്പ് ബോർഡിന്റെ ഫുൾബ്രൈറ്റ് സ്പെഷ്യലിസ്റ്റ് സ്കോളർഷിപ്പ് അവാർഡ് മൂന്ന് വർഷത്തേക്ക് (2019-2022) ലഭിച്ചു.

## TFERCA (ട്രാവൻകൂർ ഫൗണ്ടേഷേൻ എജ്യുക്കേഷൻ ആൻഡ് റിസേർച്ച് സെന്റർ ഓൺ ഏജിങ്ങ്)

ട്രാവൻകൂർ ഫൗണ്ടേഷൻ എന്നും മൂല്യങ്ങളോടും ദൗത്യത്തോടും പ്രതിജ്ഞാബദ്ധമാണ്. ഇതിനായി, ട്രാവൻകൂർ ഫൗണ്ടേഷൻ എജ്യുക്കേഷൻ ആൻഡ് റിസർച്ച് സെന്റർ ഓൺ ഏജിംഗ് (TF ERCA) 2019-ൽ സ്ഥാപിക്കുകയും അതുവഴി വാർധക്യത്തെക്കുറിച്ചുള്ള വിദ്യാഭ്യാസ- ഗവേഷണങ്ങൾ ഫൗണ്ടേഷന്റെ വീക്ഷണങ്ങൾക്ക് വ്യക്തത നൽകി. നൂതന സാങ്കേതികതയിലൂടെയും പരീക്ഷണാത്മക പഠനത്തിലൂടെയും ഈ ലോകത്തെ TFERCA യിലേക്ക് നയിച്ചുകൊണ്ടുവരുന്ന ഒരു ആഗോള പശ്ചാത്തലത്തിലാണ് ഫൗണ്ടേഷൻ പ്രവർത്തിക്കുന്നത്.

സംസ്ഥാനത്ത് വയോജന സംരക്ഷണം ഭാവിയിൽ ഒരു വെല്ലുവിളിയായി മാറും ഏന്നത് ഒരു യാഥാർത്ഥ്യമാണ്. വയോജനങ്ങളുടെ ഭാവി സുരക്ഷിതമാക്കുന്നതിനും, പ്രായോഗിക പരിചരണം ഉറപ്പു വരുത്തുന്നതിനും വേണ്ടി അറിവും കഴിവുമുള്ള ഒരു തലമുറയുടെ ആവശ്യകത മുന്നിൽക്കണ്ടുകൊണ്ടാണ് ട്രാവൻകൂർ ഫൗണ്ടേഷൻ **TFERCA** (ട്രാവൻകൂർ ഫൗണ്ടേഷൻ എജ്യുക്കേഷൻ ആൻഡ് റിസേർച്ച് സെന്റർ ഓൺ ഏജിങ്ങ്) എന്ന എജ്യുക്കേഷണൽ ഡിവിഷൻ ആരംഭിച്ചിട്ടുള്ളത്.

കോയമ്പത്തൂരിലെ ഭാരതിയാർ യൂണിവേഴ്സിറ്റി, കുട്ടിക്കാനം മരിയൻ കോളേജ്, ഇപ്പോൾ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് എന്നിവയുമായി സഹകരിച്ച് TFERCA വയോജനപരിചരണത്തിൽ ബിരുദാനന്തര ഡിപ്ലോമകൾ ഇപ്പോൾ വാഗ്ദാനം ചെയ്യുന്നു. കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയുമായി സഹകരിച്ച് സ്വന്തമായി ഒരു റിസേർച്ച് ആൻഡ് ഡവലപ്മെന്റ് ട്രയിനിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാനുള്ള പദ്ധതികളും പുരോഗമിക്കുന്നു.

### വിപുലമായ സേവനശ്യംഖല

മുതിർന്നവരുടെ ഡേ കെയർ, ഹോം കെയർ, പാലിയേറ്റീവ് കെയർ, ഹ്രസ്വകാല പുനരധിവാസം (പോസ്റ്റ്-അക്യൂട്ട് കെയർ) എന്നിവയിലേക്ക് സേവനങ്ങൾ വിപുലീകരിക്കുമ്പോൾ ഫൗണ്ടേഷൻ വയോജനപരിപാലനത്തിൽ പുതിയ പാദമുദ്രകൾ പതിപ്പിക്കുകയാണ്.

## കോർപ്പറേറ്റ് ലീഡർഷിപ്പ് ടീം



ഈ സേവനമേഖലയ്ക്ക് അനുയോജ്യമായ പതിനാലോളം ഡിപ്പാർട്ടുമെന്റുകളാണ് ഈ സ്ഥാപനത്തിനുളളത്. ഫിസിഷ്യൻ, നഴ്സ്, സോഷ്യൽ വർക്കേഴ്സ്, ആക്റ്റിവിറ്റി കോർഡിനേറ്റർ, ഡയറ്റീഷ്യൻ, ഫിസിയോതെറാപ്പിസ്റ്റ് തുടങ്ങി വൈദഗ്ദ്യം നേടിയ ഒരു ടീമാണ് ഇവിടെ പ്രവർത്തിക്കുന്നത്.

സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിവിധ കമ്മറ്റികളുടെ പ്രവർത്തനങ്ങളിലൂടെയും, മറ്റു ആഗോളനിലവാര മാനദണ്ഡങ്ങളിലൂടെയും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഡിപ്പാർട്ടുമെന്റും, സുസ്ഥിരമായ പരിശീലനത്തിലൂടെയും, പുരോഗതിയിലൂടെയും ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിച്ച് പ്രവർത്തനമികവ് ഉറപ്പു വരുത്തുന്നതിന് വേണ്ടി ട്രെയിനിംഗ് ആൻഡ് ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റും ഈ പ്രസ്ഥാനത്തിന്റെ മികവിന്റെ സവിശേഷതകളാണ്. മാത്രമല്ല, സേവനസന്നദ്ധരായ സ്റ്റാഫംഗങ്ങളെ പരിശീലിപ്പിക്കുന്നതിന് സിമുലേഷൻ ലാബും, അതിൽ പരിശീലനം നേടിയ പ്രൊഫഷണൽസും ഇന്ത്യയിൽ വയോജന പരിപാലന മേഖലയിൽ ട്രാവൻകൂർ ഫൗണ്ടേഷന്റെ മാത്രം പ്രത്യേകതയാണ്.



## റാഹേൽ ഹോംസ്

ട്രാവൻകൂർ ഫൗണ്ടേഷന്റെ രണ്ടാമത്തെ പ്രോജക്ടായ റാഹേൽ ഹോംസ് സ്ഥിതി ചെയ്യുന്നത് എറണാകുളം ജില്ലയിലെ കോലഞ്ചേരിയിൽ ആണ്. തനതായ പ്രകൃതി സൗന്ദര്യം നിറഞ്ഞതും, താമരപൊയ്കയും, പ്രകൃതിസുന്ദരമായ അന്തരീക്ഷത്തിൽ ആണ് റാഹേൽ ഹോംസ് ഉള്ളത്. അഞ്ചു നിലകളിലായി പണികഴിപ്പിച്ച മന്ദിരത്തിൽ ആധുനികത വിളിച്ചോതുന്നതും, വിശാലമായ ബാൽക്കണിയുള്ളതുമായ 1 ബിഎച്ച്കെ, 2 ബിഎച്ച്കെ അപ്പാർട്ടുമെന്റുകളും, മറ്റു സൗകര്യങ്ങളോടൊപ്പം തന്നെ സ്വിമ്മിംങ്ങ്പൂൾ, ജിംനേഷ്യം, മസ്സാജ് പാർലർ തുടങ്ങിയ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.



## പ്രസിഡൻസി ഹോംസ്

കേരളത്തിലെ തന്നെ മികച്ച ട്രാൻസിഷണൽ കെയർ സെന്ററാണ് ട്രാവൻകൂർ ഫൗണ്ടേഷന്റെ പ്രസിഡൻസി ഹോംസ്. റീ ഹാബിലിറ്റേഷനും, റിസ്റ്റൊറേറ്റീവ് തെറാപ്പിയ്ക്കും ആവശ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുള്ള ഈ സ്ഥാപനം എറണാകുളം നോർത്ത് റയിൽവേ സ്റ്റേഷന്റെ അടുത്ത് പരമാര റോഡിലാണ് സ്ഥിതിചെയ്യുന്നത്.

കേരളത്തിലെ തന്നെ മിക്ക പ്രമുഖ ഹോസ്പിറ്റലുകളിലേക്കും വളരെ കുറഞ്ഞ ദൂരം മാത്രമാണ് ഇവിടെ നിന്നും ഉള്ളത്.

## ഭാവി പദ്ധതികൾ

തിരുവല്ലയിൽ വയോജനങ്ങൾക്കായുള്ള പ്രത്യേക റസിഡൻഷ്യൽ, ചങ്ങനാശേരിയിൽ വയോജനങ്ങൾക്കായി പ്രത്യേക റെസിഡൻഷ്യൽ പുനരധിവാസ കേന്ദ്രം, മോനിപ്പള്ളിയിൽ കോട്ടേജ് കം അപ്പാർട്ട്മെന്റ് പ്രോജക്റ്റ്, കോലഞ്ചേരിയിലെ സീനിയർ കമ്മ്യൂണിറ്റി വില്ലേജ് എന്നിവയും ഭാവിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പദ്ധതികളാണ്. കേരളത്തിൽ വയോജന പരിചരണത്തിൽ സ്വന്തമായി ഒരു ഇടം നേടിയ ട്രാവൻകൂർ ഫൗണ്ടേഷൻ ഇപ്പോൾ അതിന്റെ പ്രവർത്തനങ്ങൾ കേരളത്തിന് പുറത്ത് മറ്റു സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പരിശ്രമത്തിന്റെ പാതയിലാണ്. കോയമ്പത്തൂരിലും, മൈസൂരിലും വയോജന പരിചരണ കേന്ദ്രങ്ങൾ തുറക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തിനകത്ത് തിരുവനന്തപുരത്തെ വട്ടപ്പാറ, കൊച്ചിയിൽ കാക്കനാട് കേന്ദ്രമാക്കിയും അത്യാധുനിക സംവിധാനങ്ങളോടെയുള്ള വയോജനസംരക്ഷണ കേന്ദ്രങ്ങൾ കെട്ടിപ്പടുക്കുന്നതിനാവശ്യമായ നടപടികളും തുടങ്ങിക്കഴിഞ്ഞു. അർപ്പണമനോഭാവമുള്ള ഒരുകൂട്ടം വ്യക്തികളുടെ കൂട്ടായ പരിശ്രമത്തിലൂടെ, ഒരിക്കലും അവസാനിക്കാത്ത വളർച്ചയുടെ പാതയിൽ തങ്ങളുടെ ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ ട്രാവൻകൂർ ഫൗണ്ടേഷൻ മുന്നേറിക്കൊണ്ടിരിക്കുന്നു.